LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

2014 ജൂലൈ 14, തിങ്കൾ

നിയമസഭ 2014 ജൂലൈ മാസം 14-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ..... ഓർഡർ..... ചോദ്യം നമ്പർ *691

പൈതൃക ശേഷിപ്പുകൾ നിലനിർത്താൻ പദ്ധതി

1 (*691) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പ്രാചീന ജീവിത രീതിയും, തൊഴിൽ സൗകര്യങ്ങളും, സാംസ്കാരിക നിലവാരവും വെളിവാക്കുന്ന പൈതൃക ശേഷിപ്പുകൾ അവയുടെ കൈവശക്കാരുടെ കൂടി സഹകരണത്തിൽ നിലനിർത്തുന്നതിനും പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും പുരാവസ്തു വകുപ്പിന് എന്തെങ്കിലും പദ്ധതികളുണ്ടോ;

(ബി) എങ്കിൽ അത് സംബന്ധിച്ച വിശദവിവരം നൽകുമോ?

(സി) പൈതൃക ശേഷിപ്പുകൾ വിനോദസഞ്ചാര വകുപ്പിനെകൂടി സഹകരിപ്പിച്ചുകൊണ്ട് നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള ഒരു ബൃഹദ് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ,

(എ & ബി) 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ടിലെ വ്യവസ്ഥകൾക്കനുസരിച്ചാണ് പുരാവസ്തു വകുപ്പിന്റെ പ്രവർത്തന മേഖല രൂപപ്പെടുത്തിയിട്ടുള്ളത്. 100 വർഷത്തിൽ കുറയാതെ നിലനിൽക്കുന്ന ചരിത്രപരമായോ പുരാവസ്തു ശാസ്ത്രപരമായോ കലാശില്പപരമായോ കൗതുകപ്രദമായതോ ആയ പ്രാചീന സ്മാരകങ്ങളും പൗരാണിക അവശിഷ്ടങ്ങളും സംരക്ഷിക്കുന്നതിനാണ് പ്രസ്തുത ആക്ടിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. പ്രസ്തുത ആക്ട് പ്രകാരം പൈതൃക ശേഷിപ്പുകൾ സംരക്ഷിക്കുന്ന കർത്തവ്യമാണ് പുരാവസ്തുവകുപ്പിനുള്ളത്. വിനോദസഞ്ചാര വകുപ്പിന്റെ മുസിരിസ് ഹെറിറ്റേജ് പ്രോജക്ടിൽപ്പെടുന്ന കോട്ടപ്പുറത്തെ ഉത്ഖനന പ്രവർത്തനങ്ങൾ പുരാവസ്തു വകുപ്പാണ് നിർവ്വഹിച്ചത്.

(സി) പൈതൃക ശേഷിപ്പുകൾ വിനോദസഞ്ചാര വകുപ്പിനെക്കൂടി സഹകരിപ്പിച്ചുകൊണ്ട് നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള പദ്ധതികളൊന്നും പുരാവസ്തു വകുപ്പിൽ നിലവിലില്ല. എന്നാൽ നഗരാസൂത്രണ വകുപ്പിന്റെ മുഖ്യ ചുമതലയിൽ Art & Heritage Commission രൂപീകരിച്ചിട്ടുണ്ട്. ചരിത്ര പൈതൃക പ്രാധാന്യമുള്ള പ്രത്യേക മേഖലകൾ സംരക്ഷിക്കുക, പൈതൃക മേഖലയിലെ Art & Heritage നിർമ്മാണ പ്രവർത്തനങ്ങൾക്ക് പൈതൃക സംരക്ഷണ തത്ത്വങ്ങൾക്കനുസൃതമായി അനുമതി നൽകുക തുടങ്ങിയവയാണ് Art & Heritage കമ്മീഷന്റെ മുഖ്യ ചുമതലകൾ. ചീഫ് ടൗൺ പ്ലാനർ, ചീഫ് ആർക്കിടെക്റ്റ് (പി.ഡബ്ല്യു.ഡി), പുരാവസ്തു വകുപ്പ് ഡയറക്ടർ, ഒരു പ്രമുഖ ആർക്കിടെക്റ്റ് എന്നിവരാണ് ഇതിലെ അംഗങ്ങൾ. കേരളത്തിൽ പ്രധാനമായും തിരുവനന്തപുരം കിഴക്കേകോട്ട (കോട്ടയ്ക്കകം), ഫോർട്ട് കൊച്ചി, പാലക്കാട് കൽപ്പാത്തി എന്നിവയാണ് പ്രഖ്യാപിത പൈതൃക മേഖലകൾ. ഇവയിൽ ചരിത്ര സ്മാരകങ്ങളും കൊട്ടാരങ്ങളും ഉൾപ്പെടെ നിരവധി സംരക്ഷിത സ്മാരകങ്ങളുള്ള കോട്ടയ്ക്കകം മേഖലയിലെ സംരക്ഷണങ്ങളും നിർമ്മാണങ്ങളുമാണ് പുരാവസ്തു വകുപ്പിന്റെകൂടി പരിശോധനയ്ക്ക് വരുന്നത്.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, കേരളത്തിലെ സംരക്ഷിത സ്മാരകങ്ങൾ പുരാവസ്തു വകുപ്പിന്റെ കീഴിൽ ഇന്ന് സുരക്ഷിതമാണ്. അതോടൊപ്പം സംരക്ഷിക്കപ്പെടേണ്ട പൈതൃക ശേഷിപ്പുകളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്; അവ ഏതൊക്കെയാണെന്ന് അറിയുവാനുള്ള സംവിധാനം നിലവിലുണ്ടോ; ടൂറിസം വികസനവുമായി ബന്ധപ്പെട്ട് ഇത്തരത്തിലുള്ള ശേഷിപ്പുകൾ സംരക്ഷിക്കുന്നതിന് ടൂറിസം വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഈ കാര്യത്തിൽ രണ്ട് വകുപ്പുകളും തമ്മിൽ സഹകരിച്ച് പ്രവർത്തിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. സി. ജോസഫ്; സർ, രണ്ട് വകുപ്പുകളും സഹകരിച്ചാണ് പ്രവർത്തിക്കുന്നത്. പുരാവസ്തു വകുപ്പിന്റെ കീഴിൽ ഇപ്പോൾ സംസ്ഥാനത്ത് 166 സംരക്ഷിത സ്മാരകങ്ങളുണ്ട്. ഇവയുടെ സംരക്ഷണ പ്രവർത്തനങ്ങൾ പുരാവസ്തു വകുപ്പാണ് നിർവ്വഹിക്കുന്നത്. ഇവയിൽ ഉൾപ്പെടാത്ത പൈതൃക ശേഷിപ്പുകൾ സംരക്ഷിക്കുന്നതിന് ടൂറിസം വകുപ്പുമായി പുരാവസ്തുവകുപ്പ് യോജിച്ച് പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ; സർ, കേരളത്തിൽ സർക്കാർ പ്രഖ്യാപിത പൈതൃക മേഖലകൾ നിലവിലുണ്ടോ; എങ്കിൽ അവ ഏതൊക്കെയാണെന്ന സ്ഥിതിവിവരക്കണക്കുകൾ ലഭ്യമാണോ; അവയുടെ സംരക്ഷണത്തിനും അവയെക്കുറിച്ച് പുതിയ തലമുറയ്ക്ക് പഠിക്കാനും മനസ്സിലാക്കാനും കഴിയുംവിധം, വേണ്ടിവന്നാൽ 1968-ലെ പുരാവശിഷ്ട ആക്ടിലെ വ്യവസ്ഥകൾ ഭേദഗതി ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ.?

ശ്രീ. കെ. സി. ജോസഫ്; സർ, കേരളത്തിൽ ഇപ്പോൾ സർക്കാർ പ്രഖ്യാപിച്ച പൈതൃക മേഖലകൾ നാലെണ്ണം നിലവിലുണ്ട്. തിരുവനന്തപുരത്തെ കോട്ടയ്ക്കകം, എറണാകുളം ഫോർട്ട് കൊച്ചി, പാലക്കാട് കൽപ്പാത്തി, ആലപ്പുഴ കനാൽ ഫ്രണ്ട് (രണ്ട് കനാലിന്റെയും) എന്നിവയാണ് നിലവിലുള്ള പ്രഖ്യാപിത പൈതൃക മേഖലകൾ. ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിയന്ത്രണ ചുമതല നഗരാസൂത്രണ വകുപ്പിന്റെ കീഴിലുള്ള Art & Heritage കമ്മീഷണർക്കാണ്. ഇവിടെ മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ, ഇതുമായി ബന്ധപ്പെട്ട അവബോധമുണ്ടാക്കുവാൻ വേണ്ടി ആക്ടിൽ മാറ്റം വരുത്തണമോ എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആവശ്യമെങ്കിൽ ആലോചിക്കാവുന്നതാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, സ്വരാത്മകതയാണ് ഈ പൈതൃകത്തിന്റെ ഏറ്റവും വലിയ പ്രത്യേകത. ഇന്ന് ഏക ശിലാത്മകമായി മാറിക്കൊണ്ടിരിക്കുകയാണ് പുതിയ കാലഘട്ടം. ഈ കാലഘട്ടത്തിൽ ബഹുസ്വരത തിരിച്ച് പിടിക്കാൻ എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; മറ്റൊരു കാര്യം, ഞാൻ ഈയിടെ അബുദാബിയിൽ പോയപ്പോൾ, രണ്ട്-മൂന്ന് മണിക്കൂർ നേരത്തേക്ക് ഒരു ട്രാഫിക് കുരുക്കിൽ പെട്ടുപോയി. വലിയ ഒരു പ്രകടനം ആയിരുന്നു അത്. അവിടെ രാഷ്ട്രീയ പാർട്ടികളൊന്നും ഇല്ലാത്തതുകൊണ്ട് എന്ത് പ്രകടനമാണെന്ന് ഞാൻ അത്ഭുതപ്പെട്ടു. അവിടത്തെ ഭരണാധികാരികളും നാട്ടുകാരുമൊക്കെ ചേർന്നുകൊണ്ടുള്ള ഒരു ഘോഷയാത്രയായിരുന്നു അത്. അറബ്നാടുകളെക്കുറിച്ച് നമുക്കറിയാം, വളരെ സമ്പന്നമാണ്, അവർ ഇന്ന് വളരെ സുഖലോലുപതയിൽ കഴിയുന്നു. എങ്കിലും വന്ന വഴികളെക്കുറിച്ച് അവർ മറക്കുന്നില്ല. പഴയ കാലഘട്ടം എങ്ങനെയായിരുന്നുവെന്ന് ജനങ്ങളെ അറിയിക്കുന്നതിന് വേണ്ടിയുള്ള ഒരു ഘോഷയാത്രയായിരുന്നു അത്. എല്ലാവർഷവും അവിടെ ഇങ്ങനെയുള്ള ഘോഷയാത്രകൾ ഭരണാധികാരികളുടെ നേതൃത്വത്തിൽ നടക്കുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നമ്മുടെ സംസ്ഥാനത്തും അങ്ങനെയുള്ള ഒരു നടപടിയെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. കെ. സി. ജോസഫ്; സർ, പുരാവസ്തു പ്രാധാന്യമുള്ള വസ്തുക്കളെല്ലാം നമ്മുടെ പൊതുവായ സമ്പത്താണ്. അത് സംരക്ഷിക്കാൻ വളരെ ബോധപൂർവ്വമായ ശ്രമങ്ങൾ ആവശ്യമാണ്. ഇപ്പോഴത്തെ ആക്ട് അനുസരിച്ച് 100 കൊല്ലത്തെ പഴക്കമുള്ളവയാണ് പുരാവസ്തുവായി പരിഗണിക്കപ്പെടുന്നത്. അത് സംരക്ഷിക്കാൻ ശ്രദ്ധിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ, പുതിയ തലമുറയിൽ അവബോധം സൃഷ്ടിക്കാൻവേണ്ടി

കേരളത്തിലെ ചില കോളേജുകളിലും സ്കൂളുകളിലും ഇപ്പോൾ പുരാവസ്തു ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. അത് വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ലോകത്തുതന്നെ വലിയ പരിഗണന നൽകുന്ന ഒന്നായി പൈതൃക സംരക്ഷണം മാറുകയാണ്. കഴിഞ്ഞ ജൂൺ 15 മുതൽ 25 വരെ ദോഹയിൽ ചേർന്ന ലോകപൈതൃക കമ്മിറ്റി എടുത്ത തീരുമാനങ്ങളനുസരിച്ച് വനം, പർവ്വതം, തടാകം, മരുഭൂമി, സ്മാരകങ്ങൾ, കെട്ടിടങ്ങൾ, നഗരങ്ങൾ എന്നിവയടക്കം പൈതൃക സ്ഥലങ്ങളുടെ പട്ടിക നീളുകയാണ്. ഈ വർഷം കേന്ദ്ര സർക്കാർ ബഡ്ജറ്റിൽ ഏകദേശം 200 കോടിയോളം രൂപയാണ് പൈതൃക സംരക്ഷണത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ളത്. നമ്മുടെ അയൽ സംസ്ഥാനമായ തമിഴ്നാട് ഏകദേശം പതിനഞ്ചോളം പട്ടണങ്ങൾ ഇപ്പോൾ പൈതൃക നഗരങ്ങളായി പ്രഖ്യാപിക്കുകയും, അവയ്ക്ക് ലോക ശ്രദ്ധ പിടിച്ചുപറ്റുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കുകയുമാണ്. കേരളത്തിലും പൈതൃക പ്രാധാന്യമുള്ള ധാരാളം ജൈവവൈവിധ്യ പ്രദേശങ്ങളുണ്ട്. ഈ അടുത്തകാലത്തായി 2002-ൽ ആലപ്പുഴ പാതിരാമണൽ, പെരുമ്പാവൂർ ഇരിങ്ങോൾകാവ്, കുന്നംകുളം കലാശമല, നിലമ്പൂർ തേക്ക് മ്യൂസിയം, പാലിയേരി മൂകാംബിക കാവ് തുടങ്ങിയവ പൈതൃക പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് കേരള സർക്കാർ കേന്ദ്രഗവൺമെന്റിനോടും ബന്ധപ്പെട്ട വകുപ്പിനോടും ആവശ്യപ്പെട്ടിരുന്നു. ഈ കാര്യത്തിൽ എന്തെങ്കിലും തീരുമാനമായിട്ടുണ്ടോ; മലപ്പുറം ജില്ലയിലെ ഏറെ ചരിത്രപ്രാധാന്യമുള്ള പൊന്നാനി, പൈതൃക സംരക്ഷണമേഖലയായി പ്രഖ്യാപിക്കാൻ സർക്കാർ ആലോചിക്കുമോ?

ശ്രീ. കെ. സി. ജോസഫ്: സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടികാണിച്ച പോലെ, പ്രഖ്യാപിച്ച സ്മാരകങ്ങൾക്കുപുറമെ പൊന്നാനി, തിരുനാവായ, തലശ്ശേരി പട്ടണം, കോട്ടയം താഴത്തങ്ങാടി മേഖല, ആലപ്പുഴ തുറമുഖം, കൊല്ലം പട്ടണം തുടങ്ങിയവയെല്ലാം പരിഗണിക്കേണ്ട പ്രദേശങ്ങളാണ്. പുരാവസ്തുക്കൾ സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള ഒരു ബോധവൽക്കരണം നമ്മുടെ സമൂഹത്തിലുണ്ടാകണം. നമ്മുടെ പഴയ വീടുകളും, തറവാടുകളും പൊളിച്ച് പുതിയ കെട്ടിടം പണിയുന്ന കാലഘട്ടമാണിത്. അത്തരത്തിലുള്ള ഒരു ശൈലി ഒരിക്കലും നമുക്ക് യോജിച്ചതല്ല. തീർച്ചയായിട്ടും പുരാവസ്തുക്കൾ സംരക്ഷിക്കുവാനുള്ള അവബോധം ഉണ്ടാക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്. ഇത് സർക്കാരിന് മാത്രം കഴിയുന്ന കാര്യമല്ല.

ശ്രീ. റ്റി. എ. അഹമ്മദ് കബീറിനുവേണ്ടി (ശ്രീ. സി. മമ്മൂട്ടി) : സർ, പൈതൃക ശേഷിപ്പുകളെക്കുറിച്ച് നമുക്ക് അവബോധം നൽകുവാനും അത് പുതിയ തലമുറയ്ക്ക് പകർന്ന് കൊടുക്കാനുമൊക്കെ ധാരാളം സംവിധാനങ്ങൾ ആഗോള തലത്തിലുണ്ട്. പക്ഷേ, ഇതുവരെയായി ഐഡന്റിഫൈ ചെയ്യപ്പെടാത്ത, വളരെ പ്രാചീന കാലഘട്ടത്തിലുള്ള ഒരുപാട് സംഭവങ്ങൾ കേരളത്തിലുണ്ട്. എന്റെ നിയോജകമണ്ഡലത്തിലുള്ള തിരുനാവായയിലെ മാമാങ്കം ഇതിനൊരുദാഹരണമാണ്. ബന്ദർക്കടവ് എന്നുപറയുന്ന ഒരു പ്രദേശമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ തുഞ്ചൻ പറമ്പുപോലുള്ള പ്രദേശങ്ങളുമുണ്ട്. വയനാട്ടിലെ ആദിവാസിമേഖലയെയും അവിടത്തെ ഗോത്രവവർഗ്ഗത്തെയും അവരുടെ പാരമ്പര്യത്തെക്കുറിച്ചുമൊന്നും പുതിയ തലമുറയ്ക്ക് അറിയില്ല. അതിനാൽ, കേരളത്തിലെ അറിയപ്പെടുന്ന പ്രദേശങ്ങളെ ഐഡന്റിഫൈ ചെയ്തുകൊണ്ട്, ഇത് എന്താണെന്ന് പോലും അറിയാത്ത ഒരു സമൂഹത്തിനു മുന്നിൽ വിജ്ഞാനപ്രദമായി അതിന്റെ ചരിത്രങ്ങൾ പറഞ്ഞുകൊടുക്കുവാനും അത് സംരക്ഷിക്കുവാനുമുള്ള പ്രത്യേകമായ ഒരു പദ്ധതി വിനോദസഞ്ചാര വകുപ്പുമായി ചേർന്നുകൊണ്ട് സ്വീകരിക്കുമോ?

ശ്രീ. കെ. സി. ജോസഫ്; സർ, തീർച്ചയായും അങ്ങ് ചൂണ്ടിക്കാണിച്ചത് വളരെ ശ്രദ്ധേയമായ ഒരു കാര്യമാണ്. ഞാൻ നേരത്തെ പറഞ്ഞതുപോലെ, കേരളത്തിൽ പ്രഖ്യാപിച്ചിട്ടുള്ള പൈതൃക സ്മാരകങ്ങൾ തിരുവനന്തപുരത്തുള്ള കിഴക്കേക്കോട്ട (കോട്ടയ്ക്കകം), ഫോർട്ട് കൊച്ചി, കൽപ്പാത്തി ഇവ മാത്രമാണ്. എന്നാൽ പ്രഖ്യാപിക്കാത്ത, സമാനമായ പ്രാധാന്യമുള്ള ധാരാളം മേഖലകൾ കേരളത്തിലുണ്ട്. തീർച്ചയായും അവ കണ്ടെത്തി സംരക്ഷിക്കുന്നതിന് ടൂറിസം വകുപ്പുമായി സഹകരിച്ചുകൊണ്ട് നടപടി സ്വീകരിക്കാൻ പുരാവസ്തു വകുപ്പ് ശ്രദ്ധിക്കുന്നതാണ്.

ശ്രീ. ബാബു എം. പാലിശ്ശേരി : സർ, എന്റെ നിയോജക മണ്ഡലത്തിൽ അനുഭവിക്കുന്ന വളരെ പ്രയാസംനിറഞ്ഞ ഒരു സ്ഥിതിവിശേഷമാണ് ഞാൻ വിശദീകരിക്കുന്നത്. അവിടെ നാലോ-അഞ്ചോ പുരാവസ്തു കേന്ദ്രങ്ങളുണ്ട്. ഒരു നരിമട, ഒരു കുടക്കല്ല്, വെറുതെ ചതുരം ആയി കിടക്കുന്ന പ്രദേശങ്ങൾ ഇത്തരത്തിലുള്ള സ്ഥലങ്ങൾ ശ്രീ. പി. എ. മാധവന്റെ മണ്ഡലത്തിലുമുണ്ട്. രണ്ട് മണ്ഡലങ്ങളിലുള്ളവരെയും ബാധിക്കുന്ന പ്രശ്നമാണ്. പുരാവസ്തു സംരക്ഷണത്തിന്റെ പേരിൽ ഈ പ്രദേശങ്ങളുടെ 300 മീറ്ററിനുള്ളിൽ ഒന്നും ചെയ്യാൻ സാധിക്കില്ല. എന്റെ മണ്ഡലത്തിലുള്ള പകുതി പ്രദേശത്തുപോലും ഒരു ഓട് ഇളകിയാൽ മാറ്റിവയ്ക്കാനോ, വീട് പൊളിഞ്ഞുപോയാൽ പകരം വയ്ക്കാനോ സാധിക്കില്ല. റോഡ് തകർന്നുപോയാൽ ആ റോഡ് പണിയാൻ സാധിക്കില്ല. പുരാവസ്തു ഗവേഷണത്തിന് ഒരു കാലപരിധി നിശ്ചയിച്ചിരുന്നെങ്കിൽ ഇതിനകം ആ ഗവേഷണം പൂർത്തിയാകുമായിരുന്നു. എന്നാൽ മുപ്പത്തിയഞ്ച് വർഷമായി ഈ ഗവേഷണം തുടരുകയാണ്. അതിന് ഒരവസാനം ഉണ്ടാകണം. മൂന്നൂറ് മീറ്റർ പരിധിക്കുള്ളിൽ എന്നത് കുറച്ച് 100 മീറ്റർ ആക്കാനുള്ള ഒരു ഇടപെടൽ നടത്തുമോ?

ശ്രീ. കെ. സി. ജോസഫ്: സർ, ബഹുമാനപ്പെട്ട ശ്രീ. ബാബു എം. പാലിശ്ശേരിയുടെ മണ്ഡലത്തിലെയും ശ്രീ. പി എ. മാധവൻ, എം.എൽ.എ. യുടെ മണ്ഡലത്തിലെയും ചില പ്രദേശങ്ങളിലെ കുടക്കല്ല് പോലുള്ളവ ഇപ്പോൾ ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ പ്രഖ്യാപിച്ച സ്മാരകങ്ങളിൽപ്പെടുന്നതാണ്. ഇത്തരത്തിലുള്ള 27 സ്മാരകങ്ങൾ ഇന്ന് കേരളത്തിലുണ്ട്. അതിൽ മാറ്റം വരുത്താനുള്ള അധികാരം സംസ്ഥാന ഗവൺമെന്റിനില്ല. എ.എസ്.ഐ. യുടെ ആക്ട് അനുസരിച്ച് സംസ്ഥാന പുരാവസ്തു വകുപ്പ് ഡയറക്ടറാണ് അതിനുള്ള കോമ്പീറ്റന്റ് അതോറിറ്റി. ഈ സംരക്ഷിത

LIBRARY ARCHIVES Kerala Legislative Assembly

സ്മാരകങ്ങളിൽ നിന്ന് നൂറ് കിലോമീറ്റർ ചുറ്റളവിലുള്ള നിർമ്മിതികളുടെ റിപ്പയർ മാത്രം ചെയ്യുന്നതിനുള്ള അനുമതി നൽകുവാൻ മാത്രമേ അതോറിറ്റിക്ക് അധികാരമുള്ളൂ. എന്നാൽ, പുതിയ നിർമ്മിതികളും നിർമ്മാണ വ്യതിയാനങ്ങളും അനുവദിക്കുന്നതല്ല. 101 മുതൽ 300 മീറ്റർവരെ ചുറ്റളവുള്ള പ്രദേശത്ത് പുതിയ നിർമ്മിതികൾക്കും നിർമ്മാണ വ്യതിയാനങ്ങൾക്കുമുള്ള അപേക്ഷകൾ കേരള കോമ്പീറ്റന്റ് അതോറിറ്റിക്ക് കൊടുത്ത് നാഷണൽ അതോറിറ്റിയുടെ അനുവാദം വാങ്ങിയാൽ മാത്രമേ അനുവദിക്കാൻ സാധിക്കുകയുള്ളൂ. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചിരിക്കുന്ന പ്രയാസങ്ങൾ വളരെ ഗൗരവമുള്ളതാണ്. പ്രശ്നപരിഹാരത്തിനായി അപേക്ഷ സമർപ്പിച്ചാൽ അക്കാര്യം ഗവൺമെന്റ് ശുപാർശ ചെയ്ത് കേന്ദ്ര ഗവൺമെന്റിന് അയക്കുന്നതാണ്.

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, 300 മീറ്റർ എന്നത് 100 മീറ്ററാക്കി കുറയ്ക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് ഇടപെടൽ നടത്തുമോ?

ശ്രീ. കെ. സി. ജോസഫ്: സർ, പാർലമെന്റ് പാസ്സാക്കിയ എൻഷ്യന്റ് മോനുമെന്റ്സ് ആന്റ് ആർക്കിയോളജിക്കൽ സൈറ്റ്സ് ആന്റ് റിമൈൻസ് (എ & ബി) ആക്റ്റ്-2010-ൽപെടുന്നതാണിത്. ഈ ആക്ട് അമെന്റ് ചെയ്യേണ്ടത് പാർലമെന്റാണ്. ഇക്കാര്യം ശുപാർശചെയ്യാമെന്നല്ലാതെ മറ്റൊന്നും ചെയ്യാൻ സംസ്ഥാന ഗവൺമെന്റിന് സാധിക്കുകയില്ല.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, വളരെ പഴക്കംചെന്ന ഡച്ച് മാതൃകയിൽ പണിതതാണ് ശക്തൻ തമ്പുരാൻ പാലസ്. ഇവിടെ ഇടയ്ക്കിടയ്ക്ക് മെയിന്റനൻസൊക്കെ നടക്കുന്നുണ്ടെങ്കിലും കാലപ്പഴക്കം ചെന്നതിനാൽ ഈ പാലസ് പരിപൂർണ്ണമായി പുതുക്കി പണിയേണ്ടത് ആവശ്യമാണ്. ഇടയ്ക്കിടയ്ക്ക് മെയിന്റനൻസ് നടത്തിയാലും അതുകഴിയുമ്പോൾ വീണ്ടും മെയിന്റനൻസ് നടത്തേണ്ട സ്ഥിതിയാണ്. അതുകൊണ്ട് വളരെ അസുലഭമായൊരു കെട്ടിടമെന്ന നിലയിൽ വളരെ ഭംഗിയായും വൃത്തിയായും സംരക്ഷിക്കാനും സമഗ്രമായൊരു നവീകരണം നടത്താനും ശ്രദ്ധിക്കുമോ; അതുപോലെതന്നെ ശ്രീ. ബാബു എം. പാലിശ്ശേരി പറഞ്ഞതുപോലെ നാട്ടിൽ പലയിടത്തും അപ്രഖ്യാപിതമായ സ്ഥലങ്ങളിലുള്ള കല്ലുകൾ, അത്താണി തുടങ്ങിയ സാധനങ്ങളുടെ മൂല്യമറിയാതെ നഷ്ടപ്പെടുകയാണ്. അതൊക്കെ ശേഖരിച്ച് ഒരു പൈതൃക പാർക്ക് ഉണ്ടാക്കാനുള്ള നടപടി ഗവൺമെന്റ് കൈക്കൊള്ളുമോ?

ശ്രീ. കെ. സി. ജോസഫ്: സർ, ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ട പ്രകാരമാണ് ശക്തൻ തമ്പുരാൻ പാലസിന്റെ അടിയന്തരമായ റിപ്പയർ നടത്താനുള്ള നടപടികൾ സ്വീകരിച്ചത്. ആ പണി ഏതാണ്ട് പൂർത്തിയായിട്ടുണ്ട്. അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ ഒരു സമഗ്രമായ റിപ്പയർ ആവശ്യമാണെങ്കിൽ അക്കാര്യം പരിശോധിക്കാവുന്നതാണ്. പക്ഷെ, അതിനാവശ്യമായ ഫണ്ടിന്റെ ലഭ്യതയാണ് ഒരു പ്രയാസമായി ചൂണ്ടിക്കാണിക്കാനുള്ളത്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ പല മേഖലകളിലുമുള്ള അപ്രഖ്യാപിതമായ കല്ലുകൾ, കുടക്കല്ലുകൾ തുടങ്ങിയ ധാരാളം പുരാവസ്തു സ്മാരകങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിൽ കാണപ്പെടുന്നുണ്ട്. അത് കണ്ടെത്തുന്നതിനായി സ്കൂളുകളിൽ ആരംഭിച്ച ക്ലബ്ബുകൾ മുൻകൈയെടുത്ത് ഇതൊക്കെ സമാഹരിച്ച് ചില സ്കൂളുകളിൽ പുരാവസ്തു സ്മാരകങ്ങൾ നിർമ്മിക്കുകയുണ്ടായി. തീർച്ചയായും ഗവൺമെന്റ് ഇക്കാര്യം ഗൗരവമായി പരിഗണിക്കുന്നതാണ്.

ശ്രീ. ഇ. പി. ജയരാജൻ: സർ, നമ്മുടെ ഭാവി രൂപപ്പെടുത്താനും ഭൂതകാല ചരിത്രങ്ങൾ പുതിയ തലമുറയെ പഠിപ്പിക്കാനും പൈതൃക ശേഷിപ്പുകൾ നിലനിർത്തേണ്ടത് അത്യന്താപേക്ഷിതമാണ്. പക്ഷെ, കേരളത്തിൽ അതിന് ഫലപ്രദമായിട്ടുള്ള നടപടികളൊന്നും ഉണ്ടാകുന്നില്ല. അതുകൊണ്ട് കേരളത്തിൽ ആകെയുള്ള പൈതൃക ശേഷിപ്പുകൾ നിലനിർത്താനും അതിന്റെ വിപുലീകരണത്തിനുമായി ടൂറിസ്സം ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള നടപടികൾ സ്വീകരിക്കേണ്ടത് ആവശ്യമാണ്. ഇക്കൂട്ടത്തിൽ മട്ടന്നൂർ നിയോജകമണ്ഡലത്തിലെ, ചരിത്ര പ്രസിദ്ധനും ഇന്ത്യൻ സ്വാതന്ത്ര്യ സമര ചരിത്രത്തിലെ പ്രഥമ സ്ഥാനീയനുമായ പഴശ്ശിരാജയുടെ ജന്മസ്ഥലവും തറവാട് വീടുമൊക്കെ ഇപ്പോൾ തകർന്നുകൊണ്ടിരിക്കുകയാണ്. ഈ വസ്തുക്കൾ ഗവൺമെന്റിനെ ഏൽപ്പിക്കാൻ അവരുടെ കുടുംബാംഗങ്ങൾ സന്നദ്ധരാണ്. പക്ഷെ, അതിന് ഫലപ്രദമായ യാതൊരുവിധ നടപടികളും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുന്നില്ല. മാത്രമല്ല, അതിന്റെ പുനരുദ്ധാരണത്തിനും അദ്ദേഹത്തിന്റെ ഒരു പ്രതിമ സ്ഥാപിക്കുന്നതിനുമായി വനം വകുപ്പിനോട് തേക്ക് മരങ്ങൾ ആവശ്യപ്പെട്ടെങ്കിലും അനുവദിക്കുന്നില്ല. ഇതെല്ലാം നാടിന്റെ പൊതു വികസനത്തിനും ടൂറിസം രംഗത്തിന്റെ അഭിവൃദ്ധിക്കും വരുംതലമുറയ്ക്ക് ചരിത്രപഠനത്തിനുമുള്ള ഒരു സംരംഭമാണ്. അതിൽ ഫലപ്രദമായി ഇടപെട്ട് പഴശ്ശി സ്മാരക സംരക്ഷണത്തിനുവേണ്ടി ഇത് ഏറ്റെടുക്കാൻ ഫലപ്രദമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. സി. ജോസഫ്: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ പാശ്ചാത്യരാജ്യങ്ങളിൽ പുരാവസ്തു സംരക്ഷണം വളരെ പ്രധാനപ്പെട്ട കാര്യമാണ്. എന്തുകൊണ്ടോ ഇവിടെ അങ്ങനൊരു അവബോധമുണ്ടായി കാണുന്നില്ല. അതിന് ബോധപൂർവ്വമായൊരു കാമ്പയിൻ ആവശ്യമാണ്. പുരാവസ്തുവകുപ്പും ടൂറിസം വകുപ്പുമായി ചേർന്ന് ഇതിനായി ചില പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ശ്രീ. ഇ. പി. ജയരാജൻ ചൂണ്ടിക്കാണിച്ചതുപോലെ മട്ടന്നൂരിലെ പഴശ്ശിരാജ ജീവിച്ചിരുന്ന വീട് ഞാനും അന്നത്തെ കേന്ദ്രമന്ത്രി ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രനും ശ്രീ. വി. സി. കബീർ എം.എൽ.എ. യുംകൂടി സന്ദർശിച്ചിരുന്നു. കൂടാതെ മട്ടന്നൂർ മുനിസിപ്പൽ ചെയർമാനും അവിടെയുണ്ടായിരുന്നു. അവർ ഈ സ്ഥലം ഗവൺമെന്റിന് വിട്ടുതരാമെന്നും ഗവൺമെന്റ് അത് ഏറ്റെടുക്കാമെന്നും പറഞ്ഞിരുന്നതാണ്. പക്ഷെ, ഇതുമായി ബന്ധപ്പെട്ട് അവിടെ നടത്തിയ ചർച്ചയിൽ ഇതിന്മേൽ വില വാങ്ങണമെന്ന് പറഞ്ഞു. വിലകൊടുത്തു വാങ്ങാനുള്ള പരിമിതിമൂലമാണ് അതിന്റെ നടപടികളുമായി മുന്നോട്ട് പോകാൻ സാധിക്കാത്തത്. സ്ഥലം വിട്ടുതരാൻ തയ്യാറാണെങ്കിൽ വാക്കുപാലിക്കാൻ ഗവൺമെന്റ് ഇപ്പോഴും തയ്യാറാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. എൻ. ജയരാജ്: സർ, സ്വന്തം പൈതൃകം നഷ്ടപ്പെടുന്നത് ആത്മാവ് നഷ്ടപ്പെടുന്ന ശരീരം പോലെയാണെന്ന് ശ്രീ. എം. ടി. വാസുദേവൻ നായർ പറഞ്ഞിട്ടുണ്ട്. തീർച്ചയായും പൈതൃക സമ്പത്തുകൾ സംരക്ഷിക്കുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി എടുക്കുന്ന തീരുമാനങ്ങൾ ഏറെ സന്തോഷകരമാണ്. തൃപ്പൂണിത്തുറ പാലസിൽ ഹെറിറ്റേജ് സ്റ്റഡിയുമായി ബന്ധപ്പെട്ട് ഒരു ഡിപ്ലോമാ കോഴ്സ് നടപ്പിലാക്കുന്നുണ്ട്. ശ്രീ. എം.ജി.എസ്. നാരായണൻ ഉൾപ്പെടെയുള്ള പ്രശസ്തരായ ചരിത്രകാരന്മാർ അതിന് നേതൃത്വം നൽകുന്നുണ്ട്. പക്ഷെ, ആ ഡിപ്ലോമ കോഴ്സിന് ജോലി സാധ്യതയില്ലെന്നുമാത്രമല്ല, കേരളത്തിലെ വട്ടെഴുത്ത്, കോലെഴുത്ത് തുടങ്ങിയ പഴയ ലിപികളെക്കുറിച്ചുള്ള പഠനമാണ് പ്രധാനമായും അവിടെ നടക്കുന്നത്. അവിടെ ഭാഷാപരമായ പഠനത്തോടൊപ്പം തന്നെ ശാസ്ത്രീയമായി അതിനെ സംവിധാനം ചെയ്ത് ഒരു ഡിഗ്രികോഴ്സായി രൂപപ്പെടുത്താൻ കഴിഞ്ഞാൽ കുറെക്കൂടി നന്നായിരിക്കും. ഇപ്പോൾ കോളേജ് തലത്തിലൊക്കെ എം.എ. മലയാളത്തിൽ കേരള സംസ്കാരം പഠിപ്പിക്കുന്നുണ്ട്. പക്ഷെ, അതൊക്കെ ഭാഷാപരമായൊരു പഠനം മാത്രമേ ആകുന്നുള്ളൂ. എന്നാൽ, പൈതൃക സംരക്ഷണവുമായി ബന്ധപ്പെട്ട് ശാസ്ത്രീയമായി അതിനെ പുനക്രമീകരിച്ച് ഡിഗ്രിതലത്തിലേക്ക് ആ കോഴ്സ് മാറ്റിയെടുക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. സി. ജോസഫ്: സർ, മതിലകം രേഖകൾ അടക്കമുള്ള ധാരാളം പുരാവസ്തുരേഖകൾ വട്ടെഴുത്തിലും കോലെഴുത്തിലും രചിച്ചവയാണ്. ഇത് മൊഴിമാറ്റം നടത്താനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. എന്നാൽ, ഈ രംഗത്ത് പ്രാവീണ്യമുള്ള ആളുകളുടെ അഭാവം വലിയൊരു പ്രശ്നമാണ്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ തൃപ്പൂണിത്തുറയിലെ കേരള സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ ബിരുദ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം ഗവൺമെന്റ് ആലോചിക്കുന്നതാണ്.

ശ്രീ. പി തിലോത്തമൻ: സർ, ഹോർത്തൂസ് ഇൻഡിക്കസ് മലബാറിക്കസ് എന്ന ലോകപ്രശസ്ത ആയുർവ്വേദ ഗ്രന്ഥം രചിക്കുന്നതിൽ സുപ്രധാന പങ്ക് വഹിച്ച ആയുർവേദ പണ്ഡിതൻ ഇട്ടി അച്ചുതൻ ചേർത്തലയിലെ കടക്കരപ്പള്ളി എന്ന ഗ്രാമത്തിലാണ് ജനിച്ചത്. അദ്ദേഹം താമസിച്ച വീടും പരിസരപ്രദേശവും (ഇപ്പോൾ ഒരു കുരിയാല അവിടെ നിലനിൽക്കുന്നുണ്ട്) ഏറ്റെടുക്കുമെന്ന് അനവധി വർഷങ്ങളായി ഗവൺമെന്റ് പറയുന്നുണ്ടെങ്കിലും യാതൊരു നടപടിയുമുണ്ടായിട്ടില്ല. കാലതാമസമില്ലാതെ ആ സ്ഥലം ഏറ്റെടുത്ത് ഒരു സാംസ്കാരിക തീർത്ഥാടന കേന്ദ്രമാക്കി മാറ്റാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. സി. ജോസഫ്: സർ, ഹോർത്തൂസ് ഇൻഡിക്കസ് മലബാറിക്കസ് രചിച്ച ഇട്ടി അച്ചുതൻ ജീവിച്ചിരുന്ന പ്രദേശത്ത് ഇപ്പോഴുള്ള കുരിയാല ഗവൺമെന്റ് ഏറ്റെടുക്കുകയെന്ന് പറഞ്ഞാൽ ഗവൺമെന്റ് വിലകൊടുത്ത് വാങ്ങിക്കേണ്ട ഒരവസ്ഥയാണ്. അതിനാവശ്യമായ ഫണ്ട് കണ്ടെത്താൻ ശ്രമിക്കുന്നുണ്ട്. തീർച്ചയായും അത് സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത ഗവൺമെന്റിന്

LIBRARY ARCHIVES Kerala Legislative Assembly

ബോദ്ധ്യമുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. മാരുമായി ബന്ധപ്പെട്ട് അതിന് വില കുറച്ച് തരാൻ തയ്യാറാണെങ്കിൽ അതിന്റെ തുടർ നടപടികളുമായി മുന്നോട്ടുപോകാൻ ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. വർക്കല കഹാർ: സർ, സാങ്കേതിക വിസ്മയമെന്നാണ് മയൂരസന്ദേശത്തിൽ കേരളവർമ്മ വലിയകോയിത്തമ്പുരാൻ വർക്കല തുരങ്കങ്ങളെയും അതോടൊപ്പമുള്ള തൊട്ടിപ്പാലങ്ങളെയും അതിന്റെ നിർമ്മിതിയെയുമൊക്കെ വിശേഷിപ്പിച്ചത്. ഏകദേശം 150-ഓളം വർഷം പഴക്കമുള്ള ആ തൊട്ടിപ്പാലങ്ങളും അതിന്റെ നിർമ്മാണത്തിനുപയോഗിച്ച ചേരുവകളും കാണാൻ ഇരുപത്തിയഞ്ച് വർഷത്തിനുമുമ്പ് ഇന്ത്യയിലെമ്പാടുമുള്ള എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾ വരികയും നീരീക്ഷണം നടത്തുകയും പഠിക്കുകയുമൊക്കെ ചെയ്യുമായിരുന്നു. ഇന്നിപ്പോൾ അതിന്റെ പുനർനിർമ്മാണം കേന്ദ്രഗവൺമെന്റും ധനകാര്യ കമ്മീഷനുമൊക്കെ ഏറ്റെടുത്തിട്ടുണ്ടെങ്കിലും അത് നാശോന്മുഖമായിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് വർക്കല തുരങ്കങ്ങളെ കേരളത്തിന്റെ പൈതൃക പട്ടികയിൽ ഉൾപ്പെടുത്തി സംരക്ഷിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ;

ശ്രീ. കെ. സി. ജോസഫ്: സർ, വർക്കല തുരങ്കം ഇപ്പോൾ പൈതൃക പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഒന്നല്ല. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ പൈതൃക പട്ടികയിൽ ഉൾപ്പെടുത്തേണ്ടത് ആവശ്യമാണെങ്കിൽ അങ്ങനെയൊരാവശ്യം ഉന്നയിച്ചാൽ പരിഗണിക്കാവുന്നതാണ്.

ഡോ. കെ. ടി. ജലീൽ: സർ, കേരളത്തിലെ പുരാതനമായ രണ്ട് വേദപാഠശാലകളിൽ ഒന്നാണ് തിരുനാവായ തവനൂർ വേദപാഠശാല. മുൻ സർക്കാർ തൃശ്ശൂരിലെ വേദപാഠശാലയുടെ പുനരുദ്ധാരണത്തിനായി 1 കോടി രൂപ നൽകിയിരുന്നു. ഇതിന് സമാനമായ തവനൂർ തിരുനാവായ വേദപാഠശാലയ്ക്കായി ബഡ്ജറ്റിൽ 1 കോടി രൂപയുടെ പ്രൊവിഷൻ വയ്ക്കാൻ പുരാവസ്തു വകുപ്പ് മുൻകൈ എടുക്കുമോ?

ശ്രീ. കെ. സി. ജോസഫ്: സർ, ഈ ചോദ്യത്തിനുള്ള മറുപടി പറയാൻ ബുദ്ധിമുട്ടാണ്. കാരണം, അങ്ങ് ചൂണ്ടിക്കാണിച്ച ഈ ആവശ്യം ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയാലും അടുത്ത ബഡ്ജറ്റിലേ ഇതിനുള്ള പ്രൊവിഷൻ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ. അപ്പോൾ ഇക്കാര്യം ആലോചിക്കാവുന്നതാണ്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ചരിത്രം ഉറങ്ങുന്ന പ്രദേശമാണ് മട്ടാഞ്ചേരി ഫോർട്ട് കൊച്ചി. അങ്ങ് പറഞ്ഞതുപോലെ ഇതിനെ പൈതൃക പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 300-400 വർഷങ്ങൾ പഴക്കമുള്ള നിരവധി കെട്ടിടങ്ങൾ അവിടെയുണ്ട്. അവയൊന്നും മെയിന്റനൻസ് നടത്താൻ ഉടമസ്ഥർക്ക് കഴിയുന്നില്ല. അവ പൊളിഞ്ഞുപോയാൽ പണിയുന്നതിനായി നഗരാസൂത്രണ വകുപ്പ് പ്ലാൻ പിന്നീട് പാസ്സാക്കി കൊടുക്കുന്നുമില്ല. ഇങ്ങനെയുള്ള ചരിത്ര സ്മാരകങ്ങളെ സംരക്ഷിക്കാൻ കേന്ദ്ര ഗവൺമെന്റ് ഫണ്ട് കൊടുക്കുന്ന ഒരു സംവിധാനമുണ്ടെന്നറിയുന്നു. അങ്ങനെയുണ്ടെങ്കിൽ കേന്ദ്രവുമായി ചേർന്നുകൊണ്ട് വളരെ പ്രധാനപ്പെട്ട ഈ സ്മാരകങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

സംരക്ഷിക്കാൻ, സ്വകാര്യ വ്യക്തികളെവരെ സഹായിക്കാൻ കഴിയുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. കെ. സി. ജോസഫ്: സർ, സ്വകാര്യ വ്യക്തികളുടെ വീടുകൾ സംരക്ഷിക്കുന്ന കാര്യത്തെക്കുറിച്ച് എനിക്കറിയില്ല, അത് പരിശോധിക്കാം. പക്ഷേ, കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും പണം ചെലവാക്കി പൊതുസ്മാരകങ്ങൾ സംരക്ഷിക്കുന്നുണ്ട്. സ്വകാര്യ വ്യക്തികളുടെ വീടിന്റെ കാര്യം പരിശോധിച്ചേ പറയാൻ സാധിക്കൂ.

വഴിയോരക്കച്ചവടക്കാർക്കുവേണ്ടിയുള്ള നയം

2 (*692) ശ്രീ. പി. ബി. അബ്ദുൾ റസാക്:
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. കെ. എം. ഷാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വഴിയോരക്കച്ചവടക്കാർക്കുവേണ്ടിയുള്ള നയം അംഗീകരിച്ചശേഷം അതിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത നയം നടപ്പാക്കുമ്പോൾ നിലവിലെ ഏതൊക്കെ നിയമങ്ങളിലെ ഏതൊക്കെ വ്യവസ്ഥകൾക്കാണ് മാറ്റം വരുത്തേണ്ടിവരിക എന്നതുസംബന്ധിച്ച പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പ്രസ്തുത നയത്തിന്റെ അടിസ്ഥാനത്തിൽ നഗരങ്ങളിലെ വഴിയോര കച്ചവടക്കാരെ സംബന്ധിച്ച വിശദമായ സർവ്വേ നടത്തിയിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കുമോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ,

(എ) കേന്ദ്ര ഗവൺമെന്റ് ബഹു. സുപ്രീം കോടതി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ വഴിയോരക്കച്ചവടക്കാരുടെ പുനരധിവാസത്തിന് ഒരു ദേശീയനയം രൂപീകരിക്കുകയും സംസ്ഥാന ഗവൺമെന്റുകളോട് ഉചിതമായ നിയമനിർമ്മാണം നടത്തുവാൻ ആവശ്യപ്പെടുകയുമുണ്ടായി. അതനുസരിച്ച് സംസ്ഥാന ഗവൺമെന്റ് ഇക്കാര്യത്തിലൊരു സംസ്ഥാന നയം രൂപീകരിക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഒരു സംസ്ഥാന നയം രൂപീകരിക്കുകയും ആയതുപ്രകാരം ഒരു കരട് ബിൽ തയ്യാറാക്കുകയും ചെയ്തിരുന്നു. സംസ്ഥാന ഗവൺമെന്റ് നിയമ വകുപ്പിന്റെ പരിശോധനയ്ക്കുശേഷം നിയമ നിർമ്മാണം സംബന്ധിച്ച് മുന്നോട്ട് പോകവേ കേന്ദ്ര സർക്കാർ ഇതു സംബന്ധിച്ച ഒരു നിയമം പാസ്സാക്കി മാർച്ച് 2014-ൽ The Street Vendors (Protection of Livelihood and Regulation of Street Vending) Act 2014"

LIBRARY ARCHIVES Kerala Legislative Assembly